"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവര പൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറും എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസറുമായിരുന്ന ശ്രീ. ചന്ദ്രഹാസൻ ടി സി - ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ - ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2675/2025/GAD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 1434/2023/പൊഭവ, തീയതി; 25.03.2023.
2. ശ്രീ. ചന്ദ്രഹാസൻ ടി സി - യ്ക്ക് നൽകിയ 28.04.2023 - ലെ കുറ്റാരോപണമെമ്മോയും പത്രികയും.
3. സ.ഉ. (സാധാ) നം. 5543/2023/പൊഭവ തീയതി 14.12.2023.
4. 05.01.2024 - ലെ അന്വേഷണ റിപ്പോർട്ട്.
5. ശ്രീ. ചന്ദ്രഹാസൻ ടി സി - യ്ക്ക് നൽകിയ 19.01.2024 - ലെ കാരണം കാണിക്കൽ നോട്ടീസ്.
6. 14.03.2024 - ലെ സ്പെ-ഇ1/65/2022-പൊഭവ നമ്പർ സർക്കാർ കത്ത്.
7. ശ്രീ. ചന്ദ്രഹാസൻ ടി സി - യ്ക്ക് നൽകിയ 20.05.2024 - ലെ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ്.
8. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 21.05.2024 - ലെ എ1-2/14/2024-കെ.പി.എസ്.സി. നമ്പർ കത്ത്.
9. 06.07.2024 - ലെ സ്പെ-ഇ1/65/2022-പൊഭവ നമ്പർ സർക്കാർ കത്ത്.
10. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 09.05.2025 - ലെ എ1-2/14/2024-കെ.പി.എസ്.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിവര പൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. ചന്ദ്രഹാസൻ ടി സി എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 2013-2016 കാലയളവിൽ വിവിധ സർക്കാർ പരിപാടികൾക്കായി അനുവദിച്ച 12,30,000/- രൂപയുടെ ബില്ലുകൾ ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും ആയത് സർക്കാരിന് സാമ്പത്തിക ബാധ്യതയ്ക്ക് ഇടവരുത്തുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയത്തിൽ, ശ്രീ. ചന്ദ്രഹാസനെ പൊതുഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി 16.07.2022 - ന് നേരിൽ കേൾക്കുകയും പ്രസ്തുത ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിന് ഒരു അവസരം നൽകുകയും ചെയ്തിരുന്നു. എന്നാൽ,

ഇക്കാര്യത്തിൽ ടിയാൾ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ശ്രീ. ചന്ദ്രഹാസൻ 2024 ഏപ്രിലിൽ സർവീസ്സിൽ നിന്നും വിരമിയ്ക്കുന്ന സാഹചര്യം പരിഗണിച്ച്, മേൽ തുക 18% പലിശ സഹിതം ടിയാന്റെ ശമ്പളത്തിൽ നിന്നും ഡിസിആർജിയിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിയ്ക്കുവാനും, ടി തുക പൂർണ്ണമായും മേൽ പ്രതിപാദിച്ച പ്രകാരം ഈടാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അവശേഷിയ്ക്കുന്ന തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിയ്ക്കുവാനും വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) തുടർന്ന്, ശ്രീ. ചന്ദ്രഹാസൻ ടി സി - ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു. എന്നാൽ, ശ്രീ. ചന്ദ്രഹാസൻ കുറ്റാരോപണ മെമ്മോയ്ക്കും പത്രികയ്ക്കും മറുപടി സമർപ്പിച്ചിരുന്നില്ല. ഇപ്രകാരം മറുപടി സമർപ്പിക്കാത്തതിനാൽ, ശ്രീ. ചന്ദ്രഹാസൻ ടി സി - യ്ക്ക് ഈ വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുകയും അച്ചടക്ക നടപടിക്രമങ്ങളുടെ ഭാഗമായി പരാമർശം (3) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ അധികാരിയെ നിയമിക്കുകയും, കുറ്റാരോപിതനെ നേരിൽക്കേട്ട ശേഷം പരാമർശം (4) പ്രകാരം അന്വേഷണ അധികാരി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സർക്കാർ നിർദ്ദേശങ്ങൾ പാടേ അവഗണിക്കുകയും, സർക്കാർ സംവിധാനത്തോട് ഒട്ടും ബഹുമാനമില്ലാത്ത രീതിയിൽ ഔദ്യോഗിക ജീവിതം മുന്നോട്ടുകൊണ്ടു പോവുകയും ചെയ്തിട്ടുള്ള ആളെന്ന നിലയ്ക്കും, ടിയാളുടെ കൈവശം ബന്ധപ്പെട്ട രേഖകൾ ഇല്ല എന്നു തുറന്നു സമ്മതിക്കുകയും കൂടി ചെയ്തത് വഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ടെന്നും, രേഖകളിൽ നിന്നും ടിയാന്റെ കുറ്റസമ്മത മൊഴിയിൽ നിന്നും ടിയാനെതിരായ കുറ്റാരോപണം സംശയാതീതമായി തെളിഞ്ഞിട്ടുണ്ടെന്നും അന്വേഷണാധികാരി കണ്ടെത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ശ്രീ. ചന്ദ്രഹാസൻ. ടി സി - യുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുവാൻ താൽക്കാലിക തീരുമാനമെടുക്കുകയും പരാമർശം (5) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ, പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിനും ശ്രീ. ചന്ദ്രഹാസൻ യാതൊരു മറുപടിയും സമർപ്പിച്ചിരുന്നില്ല.

(3) ശ്രീ. ചന്ദ്രഹാസൻ മറുപടിയൊന്നും സമർപ്പിക്കാത്ത സാഹചര്യത്തിൽ, 1960 - ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ചട്ടം 11(1)(vA) പ്രകാരം മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർച്ചപ്പെടുത്തുന്ന വിഷയത്തിൽ പരാമർശം (6) കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു.

(4) ഇതിനിടെ, ശ്രീ ചന്ദ്രഹാസൻ ടി സി, 31.06.2024 - ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും, ടിയാൾ വിരമിച്ച സാഹചര്യത്തിൽ, 1960 - ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ, കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 3 പ്രകാരം അച്ചടക്ക നടപടി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുകയും, കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 3 (a)

പ്രകാരം ടിയാളുടെ പെൻഷനിൽ നിന്നും പ്രതിമാസം 1000/- രൂപ വീതം കുറവ് ചെയ്ത് അച്ചടക്ക നടപടി തീർപ്പാക്കുന്നതിനുള്ള താൽക്കാലിക തീരുമാനം ഉൾപ്പെടുത്തി പരാമർശം (7) പ്രകാരം ടിയാന് പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 3 പ്രകാരം അച്ചടക്ക നടപടി തുടരാവുന്നതാണെന്ന് പരാമർശം (8) കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനും സർക്കാരിനെ ഉപദേശിച്ചിരുന്നു.

(5) പരാമർശം (7) പ്രകാരമുള്ള പുതുക്കിയ കാരണം കാണിക്കൽ നോട്ടീസിനും ശ്രീ ചന്ദ്രഹാസൻ മറുപടി സമർപ്പിക്കുകയുണ്ടായില്ല. ഇതിൽ നിന്നും ശ്രീ ചന്ദ്രഹാസൻ കുറ്റം അംഗീകരിക്കുന്നതായും, ഇക്കാര്യത്തിൽ ടിയാൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്നുമുള്ള നിഗമനത്തിലെത്തിച്ചേരുകയും, കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 3 (a) പ്രകാരം ശ്രീ. ചന്ദ്രഹാസൻ ടി സി - യുടെ പെൻഷനിൽ നിന്നും പ്രതിമാസം 1000/- രൂപ വീതം കുറവു വരുത്തി അച്ചടക്ക നടപടി തീർച്ചപ്പെടുത്തുന്ന താൽക്കാലിക തീരുമാനത്തിൽ പരാമർശം (9) കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തിരുന്നു. സർക്കാർ തീരുമാനം പരാമർശം (10) കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിക്കുകയാണുണ്ടായത്.

(6) മേൽ സാഹചര്യത്തിൽ, കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 3 (a) പ്രകാരം, വിവര പൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറും എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസറുമായിരുന്ന ശ്രീ. ചന്ദ്രഹാസൻ ടി സി - യുടെ പെൻഷനിൽ നിന്നും പ്രതിമാസം 1000/- രൂപ (ആയിരം രൂപ മാത്രം) വീതം കുറവു ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം തീർച്ചപ്പെടുത്തി ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ശ്രീ. ചന്ദ്രഹാസൻ, ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.) (വിവരപൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ മുഖേന)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 19-06-2025 13:39:29
സെക്ഷൻ ഓഫീസർ